തേജസ് Thejas Online Edition - www.thejasonline.com Sat, 20 June 2009

# ഇറാന്‍ റാലിയുടെ ഫോട്ടോയില്‍ കൃത്രിമം; ബി.ബി.സി വിവാദത്തില്‍

ലണ്ടന്‍: അഹ്മദി നജാദിനെ താഴ്ത്തിക്കെട്ടാ ന്‍ ബി.ബി.സി നടത്തിയ ഫോട്ടോ കൃത്രിമം വെളിച്ചത്തായി. ഇറാന്‍ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട നജാദ് അനുയായികളെ അഭിവാദ്യം ചെയ്യുന്ന ഫോട്ടോ എതിര്‍സ്ഥാനാര്‍ഥിയായ മീര്‍ ഹുസയ്ന്‍ മൂസവിയുടെ അനുയായികളുടെ പ്രകടനമാക്കിയാണു ബി.ബി.സി മാറ്റിയത്.
ചിത്രത്തിലെ മരവും വൃത്താകൃതിയിലുള്ള കെട്ടിടവും രണ്ടു ചിത്രത്തിലും ഒരേപോലെ കണ്ടതാണു സംശയത്തിനിടയാക്കിയത്. അന്വേഷണത്തില്‍ ലോസ് ആഞ്ചലസ് ടൈംസ് വെബ്സൈറ്റില്‍ പ്രസിദ്ധീകരിച്ച നജാദിന്റെ റാലി ഫോട്ടോയില്‍ നിന്ന് അദ്ദേഹത്തെ ഒഴിവാക്കി ഇറാന്‍ വാര്‍ത്തക്കൊപ്പം ബി.ബി.സി നല്‍കുകയായിരുന്നുവെന്നു വാട്ട് റിയലി ഹാപ്പന്‍ഡ് വെബ്സൈറ്റ് തെളിവുസഹിതം റിപോര്‍ട്ട് ചെയ്തു.
‘വിലക്കുകള്‍ ലംഘിച്ച് മൂസവിയുടെ അനുയായികള്‍ പ്രതിഷേധവുമായി രംഗത്തെത്തിയപ്പോള്‍’ എന്ന അടിക്കുറിപ്പോടെയാണു ഫോ ട്ടോ നല്‍കിയിരുന്നത്. തിരിമറി വെളിച്ചത്തുവന്നതോടെ ബി.ബി.സി അടിക്കുറിപ്പ് മാറ്റുകയായിരുന്നു.
2003 ഏപ്രിലില്‍ ബഗ്ദാദില്‍ സദ്ദാം ഹുസയ്ന്റെ പ്രതിമ തകര്‍ക്കുന്ന വീഡിയോ ചിത്രത്തില്‍ ബി.ബി.സി കൃത്രിമം നടത്തിയാണു പ്രസിദ്ധീകരിച്ചത്. യു.എസ് പട്ടാളവും ഏതാനും ഇറാഖികളുമാണു പ്രതിമ തകര്‍ക്കാനുണ്ടായിരുന്നതെങ്കിലും ബി.ബി.സി കാണിച്ച വീഡിയോയില്‍ വന്‍ ജനാവലി ഉണ്ടായിരുന്നു.